പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 490 11.12.2012 -ലെ മറുപടി

മങ്കൊമ്പ് ദേവീ ക്ഷേത്രത്തിൽ നിന്നും ശബരിമലയ്ക്ക് ഉള്ള ബസ് സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | മണ്ഡലകാലത്ത് മങ്കൊമ്പ് ദേവീ ക്ഷേത്രത്തിൽ നിന്നും ശബരി മലയ്ക്ക് നാളിതുവരെ ബസ്സ് സർവ്വീസ് ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. മങ്കൊമ്പ് ക്ഷേത്രത്തിൽ നിന്നും പമ്പയിലേക്ക് നിലവിലുള്ള സൗകര്യങ്ങളുപയോഗിച്ച് സർവ്വീസ് നടത്തുന്നതിന് ഉത്തരവ് നൽകിയിരുന്നു. ഇപ്രകാരം നടത്തുന്ന സർവ്വീസിന് നല്ല വരുമാനം ഉറപ്പാക്കണമെന്നും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ കാലങ്ങളിൽ മങ്കൊമ്പ് ക്ഷേത്രത്തിൽ നിന്നും പമ്പയിലേക്ക് നടത്തിയ പ്രത്യേക സർവ്വീസുകൾക്ക് മതിയായ അയ്യപ്പഭക്തരെ ലഭിക്കാത്തത് കാരണം കാര്യമായ വരുമാന നഷ്ടം ഉണ്ടാവുകയുണ്ടായി. 45 പേർ ഒരുമിച്ച് ആവശ്യപ്പെട്ടാൽ പമ്പയിലേക്ക് പ്രത്യേക സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | മണ്ഡലകാലത്ത് കുട്ടനാട്ടിലെ ഏതെല്ലാം ബസ്സ് സർവ്വീസുകളാണ് താത്ക്കാലികമായി റദ്ദാക്കിയത് എന്ന് വിശദമാക്കുമോ; | (ബി) | 05.50 പുളിങ്കുന്ന് എഞ്ചിനീയറിംഗ് കോളേജ് സർവ്വീസ് താൽക്കാലികമായി ഓടുന്നില്ല. |
| (സി) | 12.11.2012 ലെ ടി.ആർ 3-001403/2012 മെമ്മോറാണ്ടം പ്രകാരം ചീഫ് ട്രാഫിക് മാനേജർ ചങ്ങനാശ്ശേരി എ.റ്റി.ഒ. യ്ക്ക് മങ്കൊമ്പിൽ നിന്നും ശബരിമലയ്ക്ക് സ്പെഷ്യൽ സർവ്വീസ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടും നാളിതുവരെ സർവ്വീസ് ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (സി) | ഉത്തരം ' എ ' പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ബഹു.മന്ത്രിയുടെയും കെ.എസ്.ആർ.ടി.സി എം.ഡിയുടെയും ഉത്തരവുകൾ പാലിക്കാത്ത ചങ്ങനാശ്ശേരി യൂണിറ്റധികാരിക്കെതിരെ വകുപ്പു തലത്തിൽ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്നും നിലവിലുള്ള സൗകര്യങ്ങളുപയോഗിച്ച് പമ്പയിലേക്ക് സർവ്വീസ് നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കഴിഞ്ഞ കാലങ്ങളിൽ മങ്കൊമ്പ് ക്ഷേത്രത്തിൽ നിന്നും നടത്തിയ സർവ്വീസിന് മതിയായ തീർത്ഥാടകരെ ലഭിക്കാത്തതു കാരണം വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. പുറമെ ചങ്ങനാശ്ശേരി ഡിപ്പോയിലെ 4 ബസ്സുകൾ ചെങ്ങന്നൂരിനും 2 ബസ്സുകൾ പമ്പയ്ക്കും പ്രത്യേക സർവ്വീസിനായി നൽകിയിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ നല്ല വരുമാനം ലഭിക്കുന്ന റൂട്ടിലെ ബസ്സെടുത്ത് പമ്പ പ്രത്യേക സർവ്വീസ് നടത്തുന്നത് പ്രായോഗികമല്ല. മതിയായ അയ്യപ്പ ഭക്തന്മാരെ യാത്രയ്ക്ക് ലഭ്യമായാൽ പമ്പയിലേക്ക് പ്രത്യേക സർവീസ് നടത്താവുന്നതാണ്. ഇക്കാര്യത്തിൽ യൂണിറ്റധികാരിയുടെ ഭാഗത്ത് നിന്നും എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ